**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 594.** **29.05.2019 ൽ മറുപടിക്ക്.**

**<u>പ്രളയം ബാധിച്ച ചെറുകിടവ്യവസായങ്ങൾ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | പ്രളയത്തിനുശേഷം സംസ്ഥാനത്ത് ചെറുകിട, വൻകിട, ഇടത്തരം വ്യവസായങ്ങളെല്ലാം മന്ദഗതിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ചെറുകിട വ്യവസായങ്ങൾ പാടേ തകർന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; ഏതൊക്കെ ജില്ലകളിലാണ് തകർച്ച രൂക്ഷമായത്; ഇത് സംബന്ധിച്ച് വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | ബി) | കാസർഗോഡ് ഒഴികെ എല്ലാ ജില്ലകളിലും നാശനഷ്ടം ഉണ്ടായിട്ടുണ്ട് . പത്തനംതിട്ട,ആലപ്പുഴ,എറണാകുളം,തൃശ്ശൂർ ജില്ലകളിലെ വ്യവസായ സ്ഥാപനങ്ങൾക്കാണ് കൂടുതൽ നാശനഷ്ടം ഉണ്ടായിട്ടുള്ളത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ മൊബൈൽ ആപ്ലിക്കേഷൻ സർവ്വേയിലൂടെ കണ്ടെത്തിയ പ്രളയം ബാധിച്ച വ്യവസായ സ്ഥാപനങ്ങൾ കടകൾ എന്നിവയുടെ ജില്ലാടിസ്ഥാനത്തിലുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| സി) | ചെറുകിട വ്യവസായങ്ങളായ തയ്യൽ, ബ്യൂട്ടിപാർലറുകൾ, വർക്ക്ഷോപ്പുകൾ, അരിപൊടിക്കുന്ന മില്ലുകൾ തുടങ്ങി ഹോട്ടലുകൾ,കച്ചവട സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | സി) | സംസ്ഥാനം നേരിട്ട അതി രൂക്ഷമായ പ്രളയക്കെടുതിയിൽ ഉൾപ്പെട്ട എല്ലാ MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് ഏകദേശം 1415.69 കോടി രൂപയുടേയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടേയും നാശ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| ഡി) | ഇവരുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും എത്ര പേർ പഴയ തൊഴിലിലേക്ക് മടങ്ങിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | ഡി) | 17/12/2018 ലെ സ.ഉ (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ **'ഉജ്ജീവന സഹായ പദ്ധതി'** പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചതായി വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ |

വാണിജ്യ സ്ഥാപനങ്ങൾ , കടകൾ എന്നിവയ്ക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തി വരികയാണ്.

അർഹത:

- ടേം ലോൺ, വർക്കിങ് കാപ്പിറ്റൽ ലോൺ - ന്റെ 25 % പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

- വർക്കിങ് കാപ്പിറ്റൽ ലോൺ ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. 17/12/2018 ലെ സർക്കാർ ഉത്തരവിന് മുൻപായി 2018 -ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

കൂടാതെ പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി:വിഹിതം 1000 ലക്ഷം), പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി:വിഹിതം 600 ലക്ഷം) എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഉജ്ജീവന സഹായ പദ്ധതി പ്രകാരം 22/05/2019 വരെ 289 MSME യൂണിറ്റുകൾക്ക് 27.26 കോടി രൂപയും 376 ഷോപ്പുകൾക്ക് 21.03 കോടി രൂപയും ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 665 MSME /ഷോപ്പുകൾ എന്നിവർക്ക് പുനർനിർമ്മാണത്തിന് വായ്പ ലഭിക്കുകയും ഇവരെല്ലാം പഴയ പ്രവർത്തി മേഖലകളിലേക്ക് തിരികെ എത്തുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# State level abstract Report -Losses/Damages due to flood (Rs. Lakhs)

MSME UNITS – LOSSES & DAMAGES as on 03.05.19

| District | No of units identified as flood affected | No of units surveyed through mobile app | No of units approved (District level) | Amount (Rs.in Lakhs) Approved Data | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | Land | Building | Plant & Machinery | Tools/ Electrical Wiring | Other Fixed Assets | Raw material | Finished Goods (Products) | Total |
| Thiruvananthapuram | 36 | 36 | 36 | 9.61 | 54.6983 | 60.994 | 10.823 | 2.655 | 83.1956 | 91.66025 | 313.64 |
| Kollam | 38 | 38 | 38 | 1.05 | 16.3643 | 34.88628 | 3.842 | 2.73 | 186.74833 | 43.54 | 289.16 |
| Pathanamthitta | 448 | 448 | 448 | 31.75016 | 239.851 | 1205.398303 | 149.969 | 203.763 | 799.73194 | 640.4571 | 3270.92 |
| Alappuzha | 817 | 817 | 817 | 21.18251 | 410.475 | 1032.38118 | 141.054 | 95.409 | 896.8247877 | 892.8583785 | 3490.18 |
| Kottayam | 208 | 208 | 208 | 13.995 | 58.4545 | 46277.69586 | 27.927 | 29.285 | 338.695789 | 174.06811 | 46920.12 |
| Idukki | 170 | 170 | 170 | 11.90002 | 47.2735 | 138.6351 | 23.9738 | 15.2099 | 80.7537 | 252.548392 | 570.29 |
| Ernakulam | 1,950 | 1,950 | 1,950 | 2360.629 | 4281.76 | 18670.88 | 1921.77 | 2618.07 | 19700.49353 | 18413.26408 | 67966.86 |
| Thrissur | 856 | 856 | 856 | 19.27 | 840.328 | 4048.03631 | 304.608 | 409.37 | 2172.93395 | 6764.789803 | 14559.34 |
| Palakkad | 180 | 180 | 180 | 3.92 | 37.99 | 199.9879 | 28.048 | 17.281 | 236.90559 | 204.22439 | 728.36 |
| Malappuram | 236 | 236 | 236 | 10.345 | 65.26 | 291.59544 | 38.363 | 55.2983 | 1000.67187 | 119.86185 | 1581.40 |
| Kozhikode | 304 | 304 | 304 | 49.9452 | 91.1145 | 280.71731 | 23.3458 | 21.6544 | 420.9324955 | 353.18072 | 1240.89 |
| Wayanad | 106 | 106 | 106 | 15.77 | 90.86 | 236.265 | 20.8801 | 17.127 | 138.10449 | 85.005 | 604.01 |
| Kannur | 6 | 6 | 6 | 0 | 10.295 | 13.85 | 0.25 | 0.07 | 5.052 | 3.4 | 32.92 |
| Kasaragod | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0.00 |
| TOTAL | 5,355 | 5,355 | 5,355 | 2,549 | 6,245 | 72,491 | 2,695 | 3,488 | 26,061 | 28,039 | 141,568 |

State Shop Approved

| STATE LEVEL ABSTRACT REPORT - LOSS DUE TO FLOODS (Rs. Lakhs) | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| *Shops & Establishment – LOSSES & DAMAGES as on 03.05.19* | | | | | | | | | |
| District | No. of Units identified as flood affected | No of units surveyed through mobile app | No of units approved (Taluk level) | Amount (Rs.in Lakhs) | | | | | |
| | | | | Land | Building | Tools/ Electrical Wiring | Other Fixed Assets | Finished Goods/ Stock | Total |
| Thiruvananthapuram | 15 | 15 | 15 | 2.65001 | 1.4 | 4.56 | 2.37 | 3.25 | 14.23 |
| Kollam | 5 | 5 | 5 | 0 | 25.55 | 0.0877 | 110.1 | 115 | 250.74 |
| Pathanamthitta | 1,791 | 1,791 | 1,791 | 1568.68 | 1818.413 | 604.35868 | 664.13582 | 6009.69819 | 10665.28 |
| Alappuzha | 3,546 | 3,546 | 3,546 | 192.816 | 795.5171 | 402.68899 | 823.69482 | 2040.577907 | 4255.29 |
| Kottayam | 84 | 84 | 84 | 2.05 | 31.115 | 8.983 | 16.97 | 147.72466 | 206.84 |
| Idukki | 308 | 308 | 308 | 632.7 | 119.2402 | 23.07 | 63.19 | 454.57753 | 1292.78 |
| Ernakulam | 5,499 | 5,499 | 5,499 | 3001.81 | 3682.801 | 2513.77538 | 4061.42749 | 17645.01753 | 30904.83 |
| Thrissur | 2,685 | 2,685 | 2,685 | 438.873 | 695.3513 | 339.81606 | 670.24863 | 9599.53008 | 11743.82 |
| Palakkad | 382 | 382 | 382 | 0 | 24.2 | 19.50696 | 45.4741 | 765.69723 | 854.88 |
| Malappuram | 715 | 715 | 715 | 3.65 | 17.59711 | 20.58827 | 89.007 | 690.32129 | 821.16 |
| Kozhikode | 654 | 654 | 654 | 6.5 | 47.07003 | 23.65319 | 42.429 | 731.03981 | 850.69 |
| Wayanad | 308 | 308 | 308 | 4.47 | 57.42008 | 8.895 | 16.81 | 464.71742 | 552.31 |
| Kannur | 69 | 69 | 69 | 12 | 4.2 | 1.63 | 6.18 | 53.24846 | 77.26 |
| Kasaragod | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0.00 |
| TOTAL | **16,061** | **16,061** | **16,061** | **5,866** | **7,320** | **3,972** | **6,612** | **38,720** | **62,490** |

സെക്ഷൻ ഓഫീസർ